**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 131** **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എല്ലാ മാസവും അഞ്ചാം തീയതിക്കുള്ളിൽ ശമ്പളം നൽകുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ അത് പാലിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ നടപടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 05/9/2022-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പായി ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതനുസരിച്ച് ശമ്പള വിതരണത്തിനായുള്ള സർക്കാർ ധനസഹായം എല്ലാ മാസവും പരമാവധി അഞ്ചാം തീയതിക്കുള്ളിൽതന്നെ നൽകാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ട്രഷറി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടി തുക കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിൽ എത്താനുള്ള കാലതാമസം, ശമ്പള വിതരണത്തിനായി മിച്ചമുള്ള തുകയ്ക്കായി ഓവർഡ്രാഫ്റ്റ് ലഭ്യമാക്കുക എന്നിങ്ങനെ വിവിധ പ്രക്രിയകൾക്കുണ്ടാകുന്ന സ്വാഭാവിക കാലതാമസം നിമിത്തമാണ് നിശ്ചിത തീയതിക്കകം ശമ്പള വിതരണം നടത്താൻ കഴിയാതെ പോകുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനും ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി പല പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുക വഴി കോവിഡിനെ തുടർന്ന് നിർത്തിവെച്ചിരുന്ന നിരവധി സർവ്വീസുകൾ കൂടി പുനരാരംഭിക്കാനും അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു. ഇത്തരത്തിൽ നിരവധി നൂതന പദ്ധതികളിലൂടെ ടിക്കറ്റ് / ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി തരണംചെയ്യാനും ജീവനക്കാരുടെ |

ശമ്പളം യഥാസമയം വിതരണം ചെയ്യാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നു വരുന്നു. ചെലവ് കുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനായി അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചു വരുന്നു.

2023 മാർച്ച് മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പ്രസ്തുത ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തുക വഴി 800 ബസ്സുകളെങ്കിലും അധികമായി ഓപ്പറേറ്റ് ചെയ്ത് അധിക വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട് / സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

കേന്ദ്ര ഭവന നഗരകാര്യ വകുപ്പിന്റെ ഏറ്റവും മികച്ച പൊതുജന പങ്കാളിത്തത്തോടെയുള്ള ഗതാഗത ആസൂത്രണ വിഭാഗത്തിൽ തദ്ദേശസ്ഥാപനങ്ങളുമായി ചേർന്നു ആരംഭിച്ച ഗ്രാമവണ്ടി പദ്ധതിയ്ക്ക് ഏറ്റവും മികച്ച നഗര ഗതാഗത പുരസ്കാരം നേടിയ ഈ പദ്ധതിയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതാത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാവുന്നതുമാണ്.

| | | | | |
|---|---|---|---|---|
| | | | | യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടേയും സാദ്ധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരണം സംബന്ധിച്ച ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.<br><br>തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിച്ച് സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്), സിറ്റി ഷട്ടിൽ സർവ്വീസുകൾ, സിറ്റി റേഡിയൽ സർവ്വീസുകൾ ആരംഭിക്കുകയും, അവ വ്യാപകമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതാണ്.<br><br>പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസിനായി ഉപയോഗിച്ച് വരുന്നു. ഇത് ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ച് ചെലവ് കുറച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.<br><br>ടിക്കറ്റിതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിലേക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസ് സ്റ്റേഷൻ പരസ്യം, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ ബസുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ചുവരുന്നു.<br><br>മേൽ കൈക്കൊണ്ട വൈവിധ്യവത്ക്കരണത്തിലൂടെ പ്രതിമാസ വരുമാനം ആദ്യ ഘട്ടത്തിൽ 8 കോടി രൂപയും ക്രമാനുഗതമായി അത് 10 കോടി രൂപയിൽ എത്തിക്കാനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ